**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.871 01.03.2017 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പലായനം നടത്തുന്നത്**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.എൽദോ എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) അതികഠിനമായ വേനൽ കാരണവും ഭക്ഷണ ലഭ്യതയുടെ കുറവിനാലും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പലായനം നടത്തുന്നത് ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വ്യക്തമാക്കുമോ; | (എ) അതികഠിനമായ വേനൽ കാരണവും ഭക്ഷണ ലഭ്യതയുടെ കുറവിനാലും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് പലായനം നടത്തുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ തടയണകളും, കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പു വരുത്തുന്നുണ്ട്. ഭക്ഷണ ലഭ്യതയ്ക്കായി വയലുകളുടെ പരിപാലനം, അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടാതെ സോളാർ പവർ ഫെൻസിംഗ്, ആന പ്രതിരോധ മതിൽ, ആനപ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിക്കുകയും എലിഫന്റ് സ്കേറിംഗ് വാച്ചർമാർ, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവയുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) നടപ്പ് വർഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ എത്രമാത്രം കൃഷി നശിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) നടപ്പ് വർഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ സംസ്ഥാനത്ത് ഏകദേശം 3700 ഹെക്ടറോളം കൃഷിയും കൂടാതെ ഒറ്റപ്പെട്ട സംഭവങ്ങളിലായി വാഴ, മരച്ചീനി, തെങ്ങ്, കവുങ്ങ്, കാപ്പി, കുരുമുളക് എന്നീ ഫലവൃക്ഷങ്ങളും നശിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും, വീടും നഷ്ടപ്പെട്ടവർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നല്കിയതെന്ന് അറിയിക്കുമോ? | (സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും, വീടും നഷ്ടപ്പെട്ടവർക്ക് ജി.ഒ(എം.എസ്) നം.32/2013/വനം തീയതി 22.03.2013, ജി.ഒ(എം.എസ്) നം.96/2014/വനം തീയതി 17.11.2014, ജി.ഒ(എം.എസ്) നം.02/2015/വനം തീയതി 08.01.2015 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ